**കേരള സർക്കാർ**

**പൊതുഭരണ (ഏകോപനം) വകുപ്പ്**

നം.സിഡിഎൻ5/14/2017/പൊഭവ

തിരുവനന്തപുരം, തീയതി: 14.02.2017

## സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ് - വിവരാവകാശ നിയമം 2005 – സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി . എന്നിവരുടെ പേര്, സ്ഥാനനാമം എന്നിവ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത്- സംബന്ധിച്ച്

സൂചന:- 1) 30.10.2006-ലെ 77000/സിഡിഎൻ5/06/പൊഭവ നമ്പർ സർക്കുലർ

2) 23.01.2017-ലെ നം.379/SIC-G5/2017 എന്ന നമ്പരിലുള്ള സെക്രട്ടറി, വിവരാവകാശ കമ്മീഷനിൽ നിന്നുള്ള കത്ത്.

വിവരാവകാശ നിയമം ബാധകമാക്കിയിട്ടുള്ള കേരള സംസ്ഥാനത്തിലെ എല്ലാ സ്ഥാപനങ്ങളും ആ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന എല്ലാ ഓഫീസുകളിലെയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി എന്നിവരുടെ പേര്, ഉദ്യോഗപ്പേര്, ഫോൺ നമ്പർ എന്നിവ നിശ്ചിത മാതൃകയിൽ അതാത് ഓഫീസുകളിൽ എഴുതി പ്രസിദ്ധീകരിക്കണമെന്നും ബന്ധപ്പെട്ട സർക്കാർ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കണമെന്നും കാലാകാലങ്ങളിൽ ഇതു സംബന്ധിച്ച വിവരങ്ങൾ പുതുക്കി പ്രസിദ്ധീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധ പതിപ്പിക്കണമെന്നും സൂചനയിലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി എന്നിവർക്ക് മാറ്റം ഉണ്ടാകുമ്പോൾ തദനുസൃതമായി വകുപ്പുകളുടെ വെബ്സൈറ്റുകളിൽ മാറ്റങ്ങൾ വരുത്താത്തതിനാൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ബന്ധപ്പെട്ട സർക്കാർ വെബ്സൈറ്റുകളിൽ പരസ്യപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി എന്നിവർക്ക് മാറ്റങ്ങളുണ്ടാകുമ്പോൾ പ്രസ്തുത വിവരം താമസം വിനാ വെബ്സൈറ്റിൽ നിർബന്ധമായും അപ് ലോഡ് ചെയ്തിരിക്കണമെന്ന് ഇതിനാൽ നിഷ്കർഷിക്കുന്നു. എല്ലാ വകുപ്പ് മേധാവികളും, ജില്ലാ കളക്ടർമാരും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും, യൂണിവേഴ്സിറ്റികളും ഉൾപ്പെടെയുള്ള സ്വയംഭരണ സ്ഥാപനങ്ങളും, പൊതു അധികാരിയുടെ നിർവ്വചനത്തിൽ വരുന്ന മറ്റ് എല്ലാ സ്ഥാപനങ്ങളും സംഘടനകളും ബന്ധപ്പെട്ട വെബ്സൈറ്റുകളിൽ പരസ്യപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അപ്പീൽ അധികാരി സംബന്ധിച്ച വിവരങ്ങൾ കാലാകാലങ്ങളിൽ പുതുക്കി പ്രസിദ്ധീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നുകൂടി നിർദ്ദേശിക്കുന്നു.

**ഷീല തോമസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി
സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ് തലവന്മാർക്കും
എല്ലാ ജില്ലാ കലക്ടർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
എല്ലാ സ്വയംഭരണ സ്ഥാപനങ്ങൾക്കും
എല്ലാ യൂണിവേഴ്സിറ്റികൾക്കും
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(മാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചാരണം നൽകുന്നതിനായി)
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
(ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്

പരിപത്രം

നമ്പർ 837/പൊളിറ്റിക്കൽ.1/2016/പൊഭവ. *തിരുവനന്തപുരം, 2017 ജനുവരി 29.*

വിഷയം:—പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് ഔദ്യോഗിക പരിപാടികളിൽ ബഹു. മന്ത്രിമാരുടെ സ്ഥാനം നിശ്ചയിക്കുന്നതും ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ മന്ത്രിമാരുടെ പേരുകൾ ചേർക്കുന്നതും—സംബന്ധിച്ച്.

സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക പരിപാടികളിൽ മന്ത്രിമാരുടെ ഇരിപ്പിടം ക്രമീകരിക്കുമ്പോഴും ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ മന്ത്രിമാരുടെ പേരുകളും വകുപ്പുകളും ചേർക്കുമ്പോഴും മുഖ്യമന്ത്രിയുടെ പേരിന് ശേഷം മന്ത്രിമാരുടെ പേരുകൾ അക്ഷരമാല ക്രമത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഔദ്യോഗിക പരിപാടികളിൽ മുഖ്യമന്ത്രിയുടെ തൊട്ടടുത്ത് പരിപാടി നടത്തുന്ന വകുപ്പിന്റെ മന്ത്രിക്ക് സ്ഥാനം നൽകേണ്ടതാണ്.

ഇക്കാര്യം വീഴ്ചകൂടാതെ ബന്ധപ്പെട്ട വകുപ്പുകൾ നടപ്പിലാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

എസ്. എം. വിജയാനന്ദ്,

*ചീഫ് സെക്രട്ടറി.*

പകർപ്പ് :—ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം.

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്.

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/നിയമ-ധനകാര്യ വകുപ്പു സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും.

GCPT. 3/364/2017/S-13.

GOVERNMENT OF KERALA
Labour & Rehabilitation (G) Department

## CIRCULAR

No.25941/G2/2013/LBR Dated, Thiruvananthapuram : 05.02.2014.

Sub:- Labour & Rehabilitation Department – Direct Recruitment by Government Departments and Establishment – Violation of Employment Exchange (Compulsory Notification of Vacancies) Act, 1959 and Government Directions – Avoidance of – Instructions Issued – Reg.

Ref:- Government Circular No.39483/G2/87/LBR dated 05.01.1988.

As per the circular referred, Government have issued direction to all the Chief Executives of Government Establishments/Undertakings/Boards/Companies/ Corporation that the service of Employment Exchanges should be utilised for filling up vacancies coming outside the purview of the Public Service Commission as per the provisions of the Employment Exchange (Compulsory Notification of Vacancies) Act, 1959 for strict adherance. But instances have been brought to the notice of the Government, that the Provisions of the Act and Government Circulars have been violated by some of the Government Departments/ Establishments / Undertakings/ Boards/Companies and Corporations.

Government here by direct all the Heads of Departments/Chief Executives of Government Establishments/Undertakings/ Boards/Companies/Corporations that the service of Employment Exchanges should invariably be utilised for filling up vacancies coming outside the purview of the Public Service Commission. They are also cautioned that violations, if any, on the above direction will be viewed seriously and may lead to severe action under the provisions of the Act. The Heads of Departments/Chief Executives will personally be held responsible for ensuring strict compliance with the statutory requirements in this regard.

TOM JOSE IAS
Principal Secretary to Government

To

രജിസ്ട്രാർ

## മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.3902/എ.3/2/2017/ഭ.വി. തീയതി :24./06/2017

മിനിറ്റ്സ് ഇനം നം.38/17.07/171453 തീയതി 05/06/2017 അനുസരിച്ച് 14/02/2017 ലെ സർക്കുലർ നം.സി.ഡി.എൻ.5/14/2017/പൊ ഭ വ, 29/01/2017 ലെ പരിപത്രം നം.897/പൊളിറ്റിക്കൽ-1/2016/പൊ ഭ വ, 05/02/2014 ലെ നമ്പർ. 25941/G2/2013/LBR സർക്കുലർ എന്നിവ മഹാത്മാഗാന്ധി സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു. ഇതിൻപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഒപ്പ്
**ശ്രീലത എൻ**
**അസിസ്റ്റൻറ് രജിസ്ട്രാർ I (ഭ.വി.)**
**രജിസ്ട്രാർക്കു വേണ്ടി**

1) വൈസ് ചാൻസിലർ/പ്രോ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
2) രജിസ്ട്രാർ./എഫ്.ഒ./ സി.ഇ. എന്നിവരുടെ പേഴ്സണൽ അസിസ്റ്റൻറുമാർ.
3) എഡി എ I/എ II/ എ IV/ എ V.
4) ജോയിൻറ് ഡയറക്ടർ, .
   കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെൻറ്,
   മഹാത്മാഗാന്ധി സർവകലാശാല
5) എ.ആർ.I/ഡി.ആർ.I/ജെ.ആർ.I (ഭ.വി.)/എ.സി.സി.സെക്ഷൻ
6) പി.ആർ.ഒ./സിസ്റ്റം അഡ്മിനിസ്ട്രേഷൻ/സി.എം.എസ്.
   (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി).
7) സ്റ്റോക്ക് ഫയൽ/റെക്കാർഡ്സ് സെക്ഷൻ.
8) ഫയൽ കോപ്പി.

ഫയൽ നം.എ.ഡി.എ.III/2/Endt/41/2011/ഭ.വി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**